പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2317 27-10-2026-ൽ മറുപടിയ്ക്ക്

ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ കേന്ദ്രം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. തോമസ് ഉണ്ണിയാടൻ	ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി (വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) തൊഴിൽ ലഭ്യതയ്ക്കും ഉത്പാദന വളർച്ചയ്ക്കും സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ കേന്ദ്രം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സംസ്ഥാനത്ത് പ്രാദേശിക തലത്തിൽ വ്യവസായ വളർച്ചയും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായി നിലവിൽ വ്യവസായ-വാണിജ്യ വകുപ്പ് വിപുലമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം ഓരോ നിയോജകമണ്ഡലത്തിലെയും പ്രാദേശിക സംരംഭകർക്ക് ആവശ്യമായ സാങ്കേതിക- സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നു.കൂടാതെ, താലൂക്ക് വ്യവസായ ഓഫീസുകൾ വഴി താഴേത്തട്ടിൽ തന്നെയുള്ള വ്യവസായ ഏകോപനവും സാധ്യമാക്കുന്നുണ്ട്.

(ബി) പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉത്പന്നങ്ങളാക്കി വിറ്റഴിക്കുന്നതിന് ഇത്തരം വ്യവസായ കേന്ദ്രങ്ങളെ പ്രാപ്തമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

മറുപടി: സൂക്ഷ്മ-ചെറുകിട സംരംഭകർക്ക് വ്യക്തിഗതമായി വാങ്ങാൻ ബുദ്ധിമുട്ടുള്ള ആധുനിക മെഷീനറികൾ, പരിശോധന ലബോറട്ടറികൾ, പായ്ക്കിംഗ് യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്ന പൊതു സൗകര്യകേന്ദ്രങ്ങൾ ക്ലസ്റ്ററുകൾ വഴി ലഭ്യമാക്കുന്നു. കൂടാതെ, സംരംഭങ്ങളിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ജില്ലാ-സംസ്ഥാന തലങ്ങളിൽ വാണിജ്യ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. സർക്കാർ വിപണന പോർട്ടലുകളായ GeM (Government e-Marketplace), ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവ വഴി പ്രാദേശിക ഉൽപ്പന്നങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് സംരംഭകർക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്.

(സി) ഇത്തരം വ്യവസായ കേന്ദ്രങ്ങളിൽ വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: കേരളത്തിലെ വ്യവസായ സംരംഭങ്ങളുടെ ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനും മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും കുറഞ്ഞ നിരക്കിലോ സബ്സിഡി നിരക്കിലോ വൈദ്യുതി ലഭ്യമാക്കാൻ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുതിയ വ്യവസായങ്ങൾ ആകർഷിക്കുന്നതിനും

സൂക്ഷ്മ-ചെറുകിട-ഇടത്തരം (MSME) സംരംഭങ്ങളെ സഹായിക്കുന്നതിനുമായാണ് ഇത്തരം ഇളവുകൾ നൽകുന്നത്.

സെക്ഷൻ ഓഫീസർ